കൊണ്ട് ഞാൻ അതൊന്നും വായിക്കുന്നില്ല ഒരു പുതിയ ജയിൽ സൂപ്രണ്ട് വന്നതിനുശേഷം ഇപ്പോഴും ഇന്ന് നിത്യവും അടിയായിരിക്കുകയാണ്. ഇതു പറയുമ്പോഴും ഒരുകാര്യംകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. തടവുശിക്ഷ അനുഭവിക്കുന്ന ആരും ആദ്യം പോകുന്നത് പോലീസ് സ്റ്റേഷനിലാണല്ലോ. അവിടെ ഇപ്പോഴും മീശ പിരിക്കുന്ന സ്ഥിതിവരെ വന്നിട്ടുണ്ട്. അതുകൊണ്ട് പോലീസ് സ്റ്റേഷനിൽ ആദ്യം ഒരു സലൂൺ ഏർപ്പെടുത്തണം. രണ്ടാമത് സെൻട്രൽ ജയിലിലെ തടവുകാരെ മർദ്ദിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അവർക്ക് ന്യായമായ വേതനം കൊടുക്കണം. അതുപോലെതന്നെ ജയിൽ സൗകര്യങ്ങളും ചട്ടപ്രകാരം അനുവദിക്കണം. ഈ കാര്യങ്ങളിൽ മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തടവുകാരെ ജയിലിട്ട് മർദ്ദിക്കുന്നതായിട്ടുള്ള പരാതികളും ഗവൺമെൻറിന് കിട്ടിയിട്ടില്ല. ഞാൻ അന്വേഷിച്ചതിൽ അങ്ങനെ ഒരു സംവിധാനം നിലവിൽ ഇല്ല. എട്ടുവർഷം തികഞ്ഞ ആളുകളെ വിട്ടയയ്ക്കണമെന്ന ഒരു ഡിമാൻറു വച്ചുകൊണ്ടാണ് അവിടെ ഒരു നിരാഹാരം തുടങ്ങിയിരുന്നത്. ആ ഡിമാൻറ് അനുവദിച്ചുകൊടുത്താൽ ഒരു സംസ്ഥാനത്തും ഒരു നിയമവാഴ്ചയും നടക്കുകയില്ല. അതുകൊണ്ട് അത് അനുവദിക്കാൻ നിവർത്തിയില്ലെന്നുള്ള നിയമപരമായ സംഗതി അവരെ അറിയിച്ചിട്ടുണ്ട്. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ശ്രദ്ധയിൽപെടുത്തിയാൽ തീർച്ചയായും അതേക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കാം.

(2) ശ്രീ. വി. കെ. രാജൻറെ—കൊടുങ്ങല്ലൂർ മൈനർപോർട്ട് അഴിമുഖത്തു ഡ്രെഡ്ജിംഗ് നടത്താത്തതു കൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ അഴിമുഖത്ത് രൂപം കൊണ്ടിരിക്കുന്ന മണൽത്തിട്ടയിൽ തട്ടി അൻപത്തിയഞ്ചിലേറെ മൽസ്യബന്ധന ബോട്ടുകളും തകരുകയും 50 മൽസ്യത്തൊഴിലാളികളും മരണമടയുകയും ചെയ്തിട്ടുണ്ട്. മുന്നൂറിലധികം ബോട്ടുകളും കൊടുങ്ങല്ലൂർ പോർട്ട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. കൊല്ലംതോറുമുള്ള മഴയുടെ ചാനൽ ഗതി മാറികൊണ്ടിരിക്കുന്നതിനാൽ മണൽത്തിട്ടരൂപം കൊണ്ടിരിക്കുന്നത് എവിടെയെല്ലാമാണെന്ന് മനസ്സിലാകുന്നതു അപകടങ്ങളും ഉണ്ടാകുമ്പോഴാണ്. 1975-ൽ കൊടുങ്ങല്ലൂർ പോർട്ട് ഒരു മൈനർ പോർട്ടായി പ്രഖ്യാപിക്കുകയും തുറമുഖവകുപ്പിൻറെ ഡ്രെഡ്ജർ ഉപയോഗിച്ച് 1976-ൽ ഒരു ചാനൽ ഡ്രെഡ്ജു ചെയ്യുകയും ചെയ്തുവെങ്കിലും, അതുകൊണ്ട് പ്രയോജനമുണ്ടായിട്ടില്ല. കൊല്ലംതോറും ചാനൽമാർക്ക് ചെയ്ത് ബോയി ഇടാറുണ്ടായിരുന്നു. കൂടാതെ കടൽപ്പുറത്ത് ഒരു ഗൈഡ്ലൈനറും സ്ഥാപിച്ചിരുന്നു. എന്നാൽ ഇന്നത്തെ നില വളരെ ശോചനീയമാണ്. രണ്ടുകൊല്ലമായി

LIBRARY ARCHIVES Kerala Legislative Assembly

ചാനൽ മാർക്ക് ചെയ്തു ബോയി ഇട്ടിട്ടില്ല. ഗൈഡുലൈറ്റ് സ്ഥാപിച്ചിരുന്ന സ്ഥലംപോലും എവിടെയാണെന്ന് തിരിച്ചറിയാത്ത വിധം അതിന്റെ അടിത്തറപോലും നഷ്ടപ്പെട്ടിരിക്കുന്നു. ഉറങ്ങുന്ന ഒരു ബോട്ട് കൺസർവേറ്റർ നേരിട്ടുകയും പാസ്സാക്കുന്നതിനുള്ള പണം കൈപ്പറ്റി ജോലി ചെയ്യുന്നുവെന്ന് മാത്രം. അതുകൊണ്ടു ഞാഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

(1) അടിയന്തിരമായി ചാനൽ മാർക്കുചെയ്തു ബോയി സ്ഥാപിക്കുക.

(2) കടൽപ്പുറത്ത് ഉണ്ടായിരുന്ന ഗൈഡ്ലൈറ്റ് പുനഃസ്ഥാപിക്കുക

(3) കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കടലിലേയ്ക്ക് കരിങ്കൽച്ചിറ ഇടുന്നതിനുള്ള നടപടി സ്വീകരിക്കുക.

(4) ഡ്രെഡ്ജിംഗ് നടത്തുക.

ഇത്രയും കാര്യങ്ങൾ ഉടനേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, കൊടുങ്ങല്ലൂർ അഴിമുഖത്ത് ഈ മണൽത്തിട്ടമൂലം അപകടങ്ങളുണ്ടാകുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. അവിടത്തെ പ്രത്യേകത പരിശോധിച്ചു ഡ്രെഡ്ജിംഗ് കൊണ്ട് ഇരുമുട്ടികൾ ഇടാതെ അവിടെ ഒരു പുലിമുട്ട് നിർമ്മിച്ച് ഒരു കരിങ്കൽച്ചിറ ഉണ്ടാക്കാതെ ഡ്രെഡ്ജിംഗ് നടത്തിയാൽ യാതൊരു പ്രയോജനവുമില്ലെന്ന് പൂന ജലവൈദ്യുത ഗവേഷണനിലയം അഭിപ്രായപ്പെട്ടിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന മൽസ്യബന്ധനബോട്ടുകളെ രക്ഷിക്കുന്നതിന് ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ അത് അവിടെ സ്ഥിരമായി താവളമടിച്ച് ചെയ്യുന്നതിന് അവിടെ വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളു എന്നുള്ളതാണ് അതിലുള്ള പ്രയാസം. ഇതിനെപ്പറ്റി ഒരു കോംപ്രിഹെൻസീവ് സ്റ്റഡി നടത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. പുലിമുട്ടുകളുടെ നിർമ്മാണം ഉൾപ്പെടെ മുനമ്പത്തു ഒരു മൽസ്യബന്ധന തുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ 7-ാം പദ്ധതിയിൽ പണത്തിന്റെ പരിമിതിമൂലം തൽക്കാലം പരിഗണിക്കാൻ നിവൃത്തിയില്ലെന്നുള്ള ഒരു നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനഗവൺമെന്റിന്റെ പദ്ധതിയിൽ ഇക്കാര്യം ഉൾപ്പെടുത്തുകയും ഈ വർഷം ഇത് നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 10 ലക്ഷം രൂപ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി ഹാർബർ എൻജിനീയറിംഗ് വകുപ്പിലെ ചീഫ് എൻജിനീയർ ഗവൺമെന്റിലേയ്ക്ക് അയച്ചിരുന്ന പ്രോജക്ട് റിപ്പോർട്ട് സംസ്ഥാനപ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്ലാനിംഗ് ബോർഡിന്റെ തീരുമാനം ഉടൻതന്നെ ഉണ്ടാകുന്നതാണ്. അതനുസരിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly